**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.941.**

**04.03.2020 ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്ക് മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ |

| | | | |
|---|---|---|---|
| | | | പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | വിദ്യാർത്ഥികളെ മയക്കമരുന്നിന്റെ ഇരകളും കാരിയർമാരും ആക്കി ഉപയോഗിക്കുന്ന മാഫിയ സംഘങ്ങൾക്കെതിരെ കർശന നടപടികൾ എടുക്കുന്നതിന് പ്രത്യേകമായ പ്രവർത്തന പദ്ധതികൾ (ഓപ്പറേഷൻസ്) ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്ക്കരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടികൾക്ക് മയക്കമരുന്നും മറ്റ് ലഹരി വസ്തുക്കളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു. NDPS Act 32 (B), (c), (d) എന്നിവ പ്രകാരം മൈനർ ആയിട്ടുള്ള കുട്ടികളെ ബാധിക്കുകയോ അവരെ ഈ ആക്ട് പ്രകാരമുള്ള കുറ്റകൃത്യത്തിന് ഉപയോഗിക്കുകയോ വിദ്യാഭ്യാസ സ്ഥാപനത്തിലോ പരിസരത്തോ, കുട്ടികൾ വിദ്യാഭ്യാസം, കായികം, സാമൂഹ്യ പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്ന സ്ഥലങ്ങളിലും കുറ്റകൃത്യം നടക്കുകയാണെങ്കിൽ സാധാരണ നൽകുന്ന ശിക്ഷക്കും പിഴക്കും ഉപരിയായി കൂടുതൽ ശിക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ കുട്ടികൾക്ക് ലഹരി മരുന്ന് വിൽക്കുന്നവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുക്കുന്നതിനായി എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ